പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 529

08/08/2017 ൽ മറുപടിക്ക്

# പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുകയോ, ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നവീകരണ വിപുലീകരണ പദ്ധതികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നടപടികൾക്കാണ് ഊന്നൽ നൽകിവരുന്നത്.<br><br>ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി ക്കൊണ്ടുള്ള |

പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു.

ബി) കേരളത്തിൽ പ്രവർത്തിക്കുന്നതും എന്നാൽ കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ളതുമായ പൊതുമേഖലാ സ്ഥാപനം, കേന്ദ്ര സർക്കാരിന്റെ ഓഹരി വില്പനയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ബി) പൊതുമേഖലയെ സംരക്ഷിക്കുമെന്ന സംസ്ഥാന സർക്കാരിൻെറ നയത്തിൻെറ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെൻേറഷൻ ലിമിറ്റഡിൻെറ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

Kerala Electrical & Allied Engg. Co.Ltd, ഉം Bharat Heavy Electricals Ltd (BHEL)-മായി ചേർന്നുള്ള സംയുക്ത സംരഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് (BHEL Electrical Machines Ltd) എന്ന കമ്പനിയിലെ ഭെലിൻെറ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നു. സംസ്ഥാന സർക്കാരിൻെറ താൽപര്യം പരിഗണിച്ച് ഈ സ്ഥാപനത്തെ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുവാൻ 12.06.2017 ൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ